<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 769**</u> <u>**02-02-2023 - ൽ മറുപടിയ്ക്ക്**</u>

<u>**സഹകരണ ബാങ്ക് മുഖേന ലഭിക്കുന്ന വിദ്യാഭ്യാസ വായ്പകൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ വിവിധ സഹകരണ ബാങ്കുകൾ മുഖേന കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അനുവദിച്ച വിദ്യാഭ്യാസ വായ്പകളുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ കേരളാ ബാങ്ക് ശാഖകൾ മുഖേന കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 16.80 ലക്ഷം രൂപ വിദ്യാഭ്യാസ വായ്പ അനുവദിച്ചിട്ടുണ്ട്. |
| (ബി) | കേരള സംസ്ഥാന സഹകരണ ബാങ്കുകൾ മുഖേന പരമാവധി എത്ര രൂപയാണ് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കേരള സംസ്ഥാന സഹകരണ ബാങ്ക് മുഖേന പരമാവധി 10 ലക്ഷം രൂപ വരെ ഇന്ത്യയിലുള്ള പഠന ആവശ്യത്തിനും, 20 ലക്ഷം രൂപ വരെ വിദേശ പഠനത്തിനും വിദ്യാഭ്യാസ വായ്പ അനുവദിച്ച് വരുന്നു. |
| (സി) | സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ? | (സി) | വിദ്യാഭ്യാസ വായ്പ ലഭിക്കുവാനായി അതത് ശാഖാ മാനേജർ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം അഡ്മിഷൻ ലഭിച്ചതിന്റെ രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്. ടി രേഖകളും മറ്റ് അനുബന്ധ വിവരങ്ങളും പരിശോധിച്ചതിന് ശേഷം ശാഖാ മാനേജർ വായ്പ അനുവദിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ